**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3498** **08.11.2019 ലെ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ജെ. മാക്സി** | | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശന നടപടികളെക്കുറിച്ച് പഠിക്കാനും കോളേജുകളിലെ നിലവാരത്തെക്കുറിച്ച് മനസ്സിലാക്കാനും ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് അഡ്മിഷൻ രീതി പഠന വിധേയമാക്കി , റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. ആർ.വി.ജി. മേനോന്റെ അധ്യക്ഷതയിൽ ഒരു മൂന്നംഗ കമ്മിറ്റിയെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരമുള്ള കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.<br><br>1. എഞ്ചിനീയറിംഗ് അഡ്മിഷൻ തേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു. ഇത് ഇന്ത്യയിൽ ഒട്ടാകെ കണ്ടു വരുന്ന പ്രവണതയാണ്.<br><br>2.കേരളത്തിൽ മികച്ച കോളേജുകളിൽ വിദ്യാർത്ഥി ദൗർലഭ്യമില്ല.എന്നാൽ അക്കാദമികമായി ദുർബലമായ കോളേജുകളിൽ കുട്ടികൾ കുറയുന്നതായി കാണുന്നു. ഇത് പ്രവേശന മാനദണ്ഡം ലഘൂകരിക്കാൻ കാരണമല്ല.<br><br>3. പൊതു,മാനേജ്മെന്റ് ക്വാട്ട സീറ്റുകൾ നികത്താൻ പൊതു മാനദണ്ഡം കൈക്കൊള്ളണം.<br><br>4. IIT , NIT , മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ പ്രവേശനം ലഭിച്ച് പോകുന്ന വിദ്യാർത്ഥികളുടെ ഒഴിവുകൾ സമയബന്ധിതമായി നികത്തണം. |
| (ബി) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെയുള്ള സീറ്റുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; ആയതിൽ 2019 അധ്യയന വർഷം എത്ര സീറ്റിൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ടെന്നും നിലവിൽ എത്ര സീറ്റുകൾ ഒഴിഞ്ഞു | (ബി) | 2019 അദ്ധ്യയനവർഷത്തെ വിദ്യാർത്ഥിപ്രവേശനം സംബന്ധിച്ചുള്ള വിശദവിവരം താഴെ കൊടുക്കുന്നു. |

**2019 - 20 അദ്ധ്യയനവർഷത്തെ**
**ബി.ടെക്ക് വിദ്യാർത്ഥിപ്രവേശനം**
**സംബന്ധിച്ചുള്ള വിവരം**

| സ്ഥാപന വിവരം | ആകെ സീറ്റ് എണ്ണം | പ്രവേശനം നടന്ന സീറ്റ് എണ്ണം | ഒഴിഞ്ഞു കിടക്കുന്ന സീറ്റ് |
|---|---|---|---|

കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

| | | | |
|---|---|---|---|
| സർക്കാർ | 3565 | 3424 | 141 |
| സർക്കാർ എയ്ഡഡ് | 1875 | 1875 | 0 |
| സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ് | 6360 | 4148 | 2212 |
| സ്വാശ്രയ കോളേജ് | 35,868 | 18,061 | 17807 |

(സി) ഇത്തരത്തിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) 2015-16 അദ്ധ്യയനവർഷം മുതൽ എഞ്ചിനീയറിംഗ് കോഴ്സിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരികയായിരുന്നു. എഞ്ചിനീയറിംഗ് കോഴ്സുകളോട് വിദ്യാർത്ഥികൾക്ക് പൊതുവെയുള്ള വിമുഖതയാവാം ഇത്തരത്തിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിനുള്ള കാരണം. എന്നാൽ 2019-20 അദ്ധ്യയനവർഷം തൊട്ടു മുമ്പുള്ള അദ്ധ്യയനവർഷത്തെക്കാൾ ഏകദേശം 7 ശതമാനം കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മിക്കതിനും ആവശ്യമായ നിലവാരം ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇവ പരിഹരിക്കുവാനും ക്ലാസ്സെടുക്കുവാൻ യോഗ്യരായ അദ്ധ്യാപകർ ഉണ്ടെന്ന് ഉറപ്പ് വരുത്തുവാനുമായി സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജുകൾക്ക് ആവശ്യമായ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ അധ്യാപകരുടെ നിലവാരത്തെപ്പറ്റി ചില പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. കോളേജുകളുടെ നിലവാരം ഉറപ്പുവരുത്തുവാൻ അക്കാഡമിക് ഓഡിറ്റിംഗും അഫിലിയേഷനുമായി ബന്ധപ്പെട്ട് വിസിറ്റിംഗ് കമ്മിറ്റിയുടെ പരിശോധനയും നടത്തിവരുന്നു.

(ഇ) സർക്കാർ / എയ്ഡഡ് / സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്ന് കോഴ്സ് പൂർത്തിയാക്കുന്നവരുടെ വിജയ ശതമാനം താരതമ്യം ചെയ്യാറുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ഇ) 2019 അദ്ധ്യയനവർഷത്തെ വിജയശതമാനം താഴെച്ചേർക്കുന്നു.

| കോഴ്സ് | സർക്കാർ | സർക്കാർ എയ്ഡഡ് | സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ് | സ്വാശ്രയ കോളേജ് |
|---|---|---|---|---|
| ബി.ടെക്ക് | 50.90 % | 56.50 % | 40.90 % | 32.1 % |

സെക്ഷൻ ഓഫീസർ